## സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും ഗുണകരമാകുന്ന വ്യവസായങ്ങൾ

197 (2419) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങുന്നത് ഗുണകരമായിരിക്കുമെന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തി യിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് നല്കുന്ന സഹായങ്ങളും ഇവരുടെ ഉൽപ്പന്നം വിപണനം ചെയ്യുന്നതിന് നല്കുന്ന സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇന്റൻസീവ് ഇൻഡസ്ട്രിയൽ ഡ്രൈവിന്റെ ഭാഗമായി ജില്ലകൾതോറും ജില്ലാ വ്യവസായ കേന്ദ്രം കേന്ദ്രീകരിച്ച് വ്യവസായ വികസനം സംബന്ധിച്ച് സാധ്യതാ പഠനം നടത്തിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടത്തിവരുന്ന ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി&സി) പഠനം പൂർത്തിയായതിനു ശേഷമേ ഇതിന്റെ വിശദാംശങ്ങൾ ലഭിക്കുകയുള്ളൂ.

## ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ്

198 (2420) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകവഴി നിലവിലെ നിയമത്തിൽ ഭേദഗതിക്കായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡന്റെ കീഴിൽ വിവിധ ലൈസൻസ് നലകുന്നതിലേക്കായി ഓൺലൈൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുവാനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പദ്ധതികൾക്കാവശ്യമായ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭ്യമാക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ മുഖ്യലക്ഷ്യം.

(സി &ഡി) ഇതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

**കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക്**

**199 (2421)** ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) വൈദ്യ ഗവേഷണ രംഗത്തും മറ്റ് ജീവശാസ്ത്രമേഖലയിലും അവസരങ്ങൾ ഒരുക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം താലൂക്കിൽ വെയ്ലൂർ വില്ലേജിൽ തോന്നക്കലിൽ ആണ് പ്രസ്തുത ലൈഫ് സയൻസ് പാർക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി&സി) കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് പര്യാപ്തമായ പദ്ധതിയാണ് ലൈഫ് സയൻസ് പാർക്ക്. ജൈവ ശാസ്ത്ര രംഗത്തെ വിവിധ തുറകളിൽ പരീക്ഷണ നിരീക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തി നൂതനമായ ഉൾപ്പന്നങ്ങളും, നിർമ്മാണ പ്രക്രിയകളും അടിസ്ഥാനമായിട്ടുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പാർക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

ജീവശാസ്ത്ര വ്യവസായങ്ങൾക്കും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു വിജ്ഞാന കേന്ദ്രമായി ലൈഫ് സയൻസ് പാർക്ക് പ്രവർത്തിക്കുന്നതാണ്. കാർഷിക ജൈവ സാങ്കേതിക, സമുദ്ര വിഭവ, ജൈവ സാങ്കേതിക, ബയോ ഇൻഫർമാറ്റിക്സ്, ബയോ മെഡിക്കൽസ്, ബയോഫാർമ

LIBRARY ARCHIVES Kerala Legislative Assembly